Aus „Malayala Manorama“ vom 22.11.2018

# ഹെർമൻ ഗുണ്ടർട്ടിന്റെ ഗ്രന്ഥശേഖരം ഇനി ഡിജിറ്റൽ; ആർക്കും വായിക്കാം

## ■ 293 മലയാള കൃതികൾ ഉൾപ്പെടെ വിപുലമായ ശേഖരം



തിരുവനന്തപുരം ● ജർമൻ ഭാഷാ പണ്ഡിതൻ ഹെർമൻ ഗുണ്ടർട്ടിന്റെ വർഷങ്ങൾ പഴക്കമുള്ള ഗ്രന്ഥശേഖരം ഡിജിറ്റൽ രൂപത്തിൽ പുറത്തിറങ്ങി. ഗ്രന്ഥശേഖരത്തിൽ അദ്ദേഹത്തിന്റെ പുസ്തകങ്ങൾക്കു പുറമെ കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നു ശേഖരിച്ച താളിയോലകളും ഉൾപ്പെടും.

ജർമനിയിലെ ട്യൂബിങ്ങൻ യൂണിവേഴ്സിറ്റി ലൈബ്രറിയിലുള്ള ഗ്രന്ഥശേഖരമാണു ഗുണ്ടർട്ട് ലെഗസി പദ്ധതിയിലൂടെ ഗുണ്ടർട്ട് പോർട്ടൽ വഴി ഡിജിറ്റൽ രൂപത്തിൽ പുറത്തിറക്കിയത്. യൂണികോഡ് രൂപത്തിലാണ് ആർക്കൈവ് ചെയ്തിരിക്കുന്നത്.

1859ൽ കേരളത്തിൽ നിന്നു മടങ്ങിയ ഗുണ്ടർട്ട് തന്റെ സ്വകാര്യ പുസ്തക ശേഖരവും കൂടെ കൊണ്ടുപോയിരുന്നു. ഇവ അദ്ദേഹത്തിന്റെ പിന്മുറക്കാർ ട്യൂബിങ്ങനിൽ ഏൽപിച്ചു. ആരാലും ശ്രദ്ധിക്കപ്പെടാതെ ലൈബ്രറിയിൽ ഒരു മുറിയിൽ കിടന്ന ഇവ ട്യൂബിങ്ങൻ സന്ദർശിച്ച ഭാഷാപണ്ഡിതൻ ഡോ.സ്കറിയ സക്കറിയയാണു കണ്ടെടുത്തത്. ഇതിൽ പല പ്രധാനപ്പെട്ട കൃതികളും 1980കളിൽ ഡോ.സ്കറിയ സക്കറിയയുടെ നേതൃത്വത്തിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. 293 മലയാള കൃതികൾ, 187 കന്നഡ, 25 തമിഴ്, 4 തെലുങ്ക് കൃതികൾ, 340 ജർമൻ, ഇംഗ്ലിഷ് കൃതികൾ, 190 ലേഖനങ്ങൾ എന്നിവയാണു ഗുണ്ടർട്ട് ശേഖരത്തിലുള്ള അച്ചടിച്ച കൃതികൾ.



ഗുണ്ടർട്ട്

കൂടാതെ 93 മലയാളം കയ്യെഴുത്തു കൃതികളും 20 താളിയോല ഗ്രന്ഥങ്ങളുമുണ്ട്. കന്നഡയിലെ 39 കയ്യെഴുത്തു കൃതികളും 2 താളിയോല ഗ്രന്ഥങ്ങളും തമിഴിൽ രണ്ട്, ജർമനിൽ അഞ്ചു വീതം കയ്യെഴുത്തു പ്രതികളുമുണ്ട്.

2013ൽ കേരളവുമായി ബന്ധപ്പെട്ട പുരാതനരേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന കേരള ആർക്കൈവ്സ് ഇന്ററസ്റ്റ് ഗ്രൂപ്പ് അംഗം ഷിജു അലക്സിന്റെ നേതൃത്വത്തിൽ ജർമൻ വിക്കി കുറച്ചു പുസ്തകങ്ങൾ യൂണികോഡാക്കിയിരുന്നു. തുടർന്ന് ട്യൂബിങ്ങൻ സർവകലാശാലയിലെ ഇൻഡോളജി വകുപ്പ് മേധാവി ഹൈക്കെ മോസറുടെ സഹായത്തോടെ എല്ലാം യൂണികോഡാക്കാനുള്ള തീരുമാനത്തിൽ എത്തി. ഇത് ലോകത്ത് എവിടെ നിന്നും ആർക്കും സൗജന്യമായി വായിക്കാം. വെബ്സൈറ്റ്: gundert-portal.de